പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.T 1500** **15.6.2012-ന് മറുപടിക്ക്**

**മാലിന്യത്തിൽ നിന്നും പാചക വാതകം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. പി. മുഹമ്മദ്<br>,, ഐ. സി. ബാലകൃഷ്ണൻ<br>,, പി. സി. വിഷ്ണുനാഥ്<br>,, എ. പി. അബ്ദുള്ളക്കുട്ടി | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |
| എ) മാലിന്യത്തിൽ നിന്നും പാചക വാതകം ഉൽപ്പാദിപ്പിച്ച് മിതമായ വിലയ്ക്ക് വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ ; എങ്കിൽ വിശദാംശം നൽകുമോ ; | എ) ഖരമാലിന്യ സംസ്കരണത്തിനായി ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിച്ച് അതിൽ നിന്നും ബയോഗ്യാസ് ഉത്പാദിപ്പിക്കാനുള്ള പദ്ധതികൾ തയ്യാറാക്കാനും അവയ്ക്ക് സാമ്പത്തിക സഹായം ലഭ്യമാക്കി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി പദ്ധതി നടപ്പിലാക്കാനുമാണ് നടപടി എടുത്ത് വരുന്നത്. ഉത്പാദിപ്പിക്കുന്ന ബയോഗ്യാസ് ഉപയോഗപ്പെടുത്തുന്നതിന് അതാത് പ്രദേശത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ് നടപടികളെടുത്ത് വരുന്നത്. എന്നാൽ ഇത്തരത്തിൽ ഉൽപാദിപ്പിക്കുന്ന ബയോഗ്യാസ് വില്പന നടത്തുന്നതിനായി പ്രത്യേക സർക്കാർ ഉത്തരവുകളോ നിർദ്ദേശങ്ങളോ നിലവിലില്ല. |
| ബി) ഈ വിഷയം പഠിക്കുന്നതിനായി ഏതെങ്കിലും ഏജൻസിയെ ചുമതലപ്പെടുത്തുമോ ; | ബി) ഇപ്പോൾ പരിഗണനയിലില്ല. |
| സി) പാചക വാതകം ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിന് കേന്ദ്ര സഹായം ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ ? | സി) മാലിന്യത്തിൽ നിന്ന് പാചകവാതകം ഉത്പാദിപ്പിച്ച് വിപണനം ചെയ്യുന്ന തരത്തിലുള്ള പദ്ധതികളൊന്നും ഇതുവരെ ആവിഷ്കരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ